സർവ്വകലാശാലാ നിയമം

143 (1199) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലാ നിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച ശിപാർശകളെന്തെങ്കിലും സർക്കാരിനു ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഏകീകൃത സർവ്വകലാശാലാ നിയമം ഉണ്ടാക്കുന്നതിനുള്ള ശ്രമം എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(സി) ഏകീകൃത നിയമം ഉണ്ടാക്കുന്ന കാര്യത്തിലും നടപ്പാക്കുന്ന കാര്യത്തിലും എന്തെങ്കിലും വൈഷമ്യമുണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരം വിശദമാക്കുമോ ?

ഉത്തരം

(എ-സി) യൂണിവേഴ്സിറ്റി ആക്ട് റിവ്യൂ കമ്മിറ്റി 18-11-2014-ന് സർവ്വകലാശാലാ നിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയോടു കൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം ബഹുമാനപ്പെട്ട ഗവർണർ വിളിച്ചു ചേർക്കുന്നതിനിടയായ സാഹചര്യം

144 (1200) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം ബഹുമാനപ്പെട്ട ഗവർണർ വിളിച്ചുചേർക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്നുവെന്നു വിശദമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ആരെല്ലാമാണു പങ്കെടുത്തതെന്നു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly